നമ്പർ 296/2007

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന

# പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമൊസ് പ്രഥമൻ

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തുപട്ടക്കാരും പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

നമ്മുടെ കൽക്കട്ടാ മെത്രാസനാധിപനും, പരിശുദ്ധ സഭയിലെ സീനിയർ മെത്രാപ്പോലീത്തന്മാരിൽ ഒരാളുമായിരുന്ന അഭിവന്ദ്യ സ്തേഫാനോസ് മാർ തോവോദോസിയോസ് മെത്രാപ്പോലീത്തായുടെ വേർപാടിന്റെ ആഘാതത്തിൽ നിന്നും ബലഹീനനായ നാം ഇനിയും മോചിതനായിട്ടില്ല. എങ്കിലും ദൈവസന്നിധിയിൽ വി.പിതാക്കന്മാരോട് ചേർന്ന് ആ പിതാവ് വിശ്രമിക്കുന്നു എന്ന ധൈര്യമാണ് നമുക്ക് ആശ്വാസം നൽകുന്നത്. ദീർഘകാലമായി പ. സഭയ്ക്കും, പ്രത്യേകിച്ച് കൽക്കട്ടാ മെത്രാസനത്തിനും അദ്ദേഹം നൽകിയ നേതൃത്വം ശ്രദ്ധേയമായിരുന്നു. സഭയുടെ ഉത്തരഭാരതമിഷന്റെ സ്ഥാപക പിതാവായ ആ പുണ്യാത്മാവിന്റെ പ്രാർത്ഥനാ ജീവിതവും പ്രവർത്തനശൈലിയും എക്കാലവും അനുകരണീയമായി നിലകൊള്ളും എന്ന് നാം ഉറച്ചു വിശ്വസിക്കുന്നു. പ. സഭയോടും സമൂഹത്തോടും അദ്ദേഹം കാട്ടിയ കരുതലും, സ്നേഹവും ഒരുകാലത്തും വിസ്മരിക്കാവുന്നതല്ല. അദ്ദേഹത്തിന്റെ വേർപാടുമൂലം സഭയ്ക്ക് ഉണ്ടായിട്ടുള്ള നഷ്ടം വാക്കുകൾക്ക് അതീതമെങ്കിലും സർവ്വശക്തന്റെ പദ്ധതിക്ക് മുമ്പിൽ നമുക്ക് വിനയാന്വിതരാകാം.

വാത്സല്യമക്കളെ ,

കാലം ചെയ്ത അഭി. സ്തേഫാനോസ് മാർ തേവോദോസിയോസ് തിരുമേനിയുടെ 30-ാം അടിയന്തിരം അദ്ദേഹം സ്തുത്യർഹമായി സേവനം അനുഷ്ടിച്ചുകൊണ്ടിരുന്ന കൽക്കട്ടാ മെത്രാസനത്തിന്റെ ചുമതലയിൽ 2007 ഡിസംബർ മാസം 4-ാം തിയതി ചൊവ്വാഴ്ച കൽക്കട്ടാ മെത്രാസനാസ്ഥാനമായ ഭിലായ് സെന്റ് തോമസ് ആശ്രമത്തിൽ വച്ച് ആചരിക്കുന്നതാണ്. കൂടാതെ അഭി.പിതാവിന്റെ 40 -ാം അടിയന്തിരം 2007 ഡിസംബർ മാസം 14-ാം തീയതി വെള്ളിയാഴ്ച അദ്ദേഹത്തിന്റെ മാതൃ ഇടവക

(മറുപുറം)

യായ പാത്താമുട്ടം സ്ലീബാ പള്ളിയിൽ വച്ചും ആചരിക്കും. ബലഹീനനായ നാമും സഹോദരമെത്രാപ്പോലീത്തന്മാരും ശുശ്രൂഷകൾക്ക് നേതൃത്വം നൽകും. സഭാമക്കൾ ഏവരും ഈ ചടങ്ങുകളിൽ പ്രാർത്ഥനാപൂർവ്വം നേർച്ചകാഴ്ചകളുമായി വന്ന് സംബന്ധിച്ച് അനുഗ്രഹീതരാകുവാൻ നാം പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർതോമ്മാ ശ്ലീഹായുടേയും  നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാൻമാരുടേയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................



ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ.

2007 നവംബർ മാസം 20 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.